# നീഹാരം

**2019-2020**

**സെന്റ് ആന്റണീസ് ഹൈസ്കൂൾ മൂർക്കനാട്**

**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്**



# എഡിറ്റോറിയൽ

കനലെരിയും ജീവിത പാതകളിൽ
പാഥേയമായി കരുതിവെച്ചൊരാ -
ഓർമ്മകൾ തൻ ഹൃദയനിസ്വനങ്ങൾ
ചിന്തകൾ, സ്വപ്നങ്ങൾ ....

ഒരു കൈകുമ്പിളിലായി
നീഹാരബിന്ദുവായി നിൻ ഹൃദയത്തിലേക്കായി
പകർന്നേകിടട്ടെ!

നിൻ ഹൃദയത്തെയൊന്നു തൊടുവാൻകഴിഞ്ഞെങ്കിൽ!

ഒരുമയിലങ്ങനെ ഒരു പുഴപോൽ
ഒഴുകുവാൻ കഴിഞ്ഞെങ്കിൽ!

ഹൃദയതാപത്തെ "നീഹാര " ബിന്ദുപോൽ
കുളിരണിയിക്കാൻ കഴിഞ്ഞെങ്കിൽ!

ഞങ്ങൾ തൻ ഉദ്യമം സഫലം. ഈ പ്രസാദം,
നിൻ കൈകളിലേകട്ടെ, നീഹാരബിന്ദുപോൽ!

**സാദരം**

**ഹാജിറ എ. എം, സ്റ്റുഡന്റ് എഡിറ്റർ**

**എക്സിക്യൂട്ടീവ് എഡിറ്റർ**

അബ്ദുൾ ജലാൽ ടി. എസ്.

**എഡിറ്റോറിയൽ ബോർഡ്**

മാളവിക പി. ബി., തൃഷ കെ. സുധീർ, എയ്ഞ്ചൽ റാഫേൽ,
ഗോവർദ്ധൻ എ., റോജർ തോമസ്, ശരത് എൻ. എസ്,

# മിഴിതുറക്കുമ്പോൾ......


സന്ദേശം. 4

മൂർക്കനാടിന്റെ പാദമുദ്രകൾ 5

പ്രഹസനം 13

ദുഃഖം 15

മായാത്ത ഓർമ്മകൾ 16

Wonderful Rainbow 19

The facts of life 20

*Tongue Twisters* 21

*Art Gallery* 22

അമ്മ..... ഒരോർമ്മ........ 25

ഉമ്മ 26

ഗണിത കൗതുകം 27

മഴക്കാലം 28

സുവർണ്ണ നിമിഷങ്ങളിലൂടെ...... 29

യാത്രാമൊഴി....... 40

# സന്ദേശം...............



അശാന്തമായ മനസ്സിന് കുളിരേകുന്ന.....
ജീവിത വഴികളിൽ പുതു ചിന്തകളേകുന്ന.....
ഹൃദയവും ഹൃദയവും ഒന്നായി വഴി നടത്തുന്ന നവ്യാനുഭവമാണ് വായന.


ഈ കലാലയത്തിലെ കൊച്ചുകൂട്ടുകാരുടെ സൃഷ്ടികൾ കോർത്തിണക്കിയ "നീഹാരം" എന്ന ഈ ഉപഹാരം സഹൃദയ സമക്ഷം സമർപ്പിക്കുമ്പോൾ ഈ കൊച്ചു മാസിക ഈ വിദ്യാലയത്തിന്റെ കൂടി ഉൾത്തുടിപ്പായി മാറുന്നു.

ഏകാഗ്രമായി ഇതിൽ പകരുന്ന വാക്കുകളും വരകളും ചിന്തകളും ചിത്രങ്ങളും ഹൃദയത്തിൽ സ്വീകരിക്കാം.കൊച്ചു കലാകാരന്മാരെ പ്രോത്സാഹിപ്പിക്കാം.

സ്നേഹപൂർവ്വം



ഹീര ഫ്രാൻസിസ് ആലപ്പാട്ട്
പ്രധാനാദ്ധ്യാപിക
സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ മൂർക്കനാട്



# മൂർക്കനാടിന്റെ പാദമുദ്രകൾ

## ഡോക്യുമെന്ററി സ്ക്രിപ്റ്റ്

"മുരുകന്റെ നാട് " എന്നറിയപ്പെടുന്ന മൂർക്കനാടിന്റെ വേരുകൾ തേടിയുള്ള, ഹൃദയതാളം തേടിയുള്ള ഒരു യാത്രയാണ് "മൂർക്കനാടിന്റെ പാദ മുദ്രകൾ ".

ഇരിങ്ങലക്കുടയ്ക്കും തൃശ്ശൂരിനും മധ്യേ കരുവന്നൂർ പുഴയുടെ തെക്കേ തീരത്ത്, ഇരിങ്ങാലക്കുട പട്ടണത്തിൽ നിന്നും 8 കിലോമീറ്റർ വടക്ക് പടിഞ്ഞാറായി മൂർക്കനാട് ഗ്രാമം നിലക്കൊള്ളുന്നു. പടിഞ്ഞാറും തെക്കും പുറക്കാട്ട്ക്കുന്നും ചെമ്മണ്ട പാടശേഖരങ്ങളും, കിഴക്ക് പൈങ്കിളി പാടശേഖരം. കാറളവും കരുവന്നൂരുമാണ് മറ്റ് അതിർത്തിദ്ദേശങ്ങൾ. വലിയപ്പാലത്തുനിന്നും മൂർക്കനാടിലേയ്ക്കുള്ള പാതയെ ആദ്യകാലങ്ങളിൽ " മയ്യാർ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്.

സമൃദ്ധമായ കരുവന്നൂർ പുഴയുടെ പരിലാളനകൾ ഏറ്റുവാങ്ങിയാണ് മൂർക്കനാടിന്റെ " ദേശപ്പെരുമ" വളർന്ന് വന്നിരിക്കുന്നത്.

# കരുവന്നൂർ പുഴ



ചിമ്മിനി വന്യജീവി സങ്കേതത്തിൽ നിന്ന് ഉത്ഭവിക്കുന്ന കുറുമാലിപ്പുഴയും പീച്ചി വന്യജീവി സങ്കേതത്തിൽ നിന്നും ആരംഭിക്കുന്ന മണലിപ്പുഴയും ആറാട്ടുപുഴയിൽ സംഗമിച്ച് കരുവന്നൂർ പുഴയായി പരിണമിക്കുന്നു. കരുവന്നൂർ പുഴ പടിഞ്ഞാറോട്ടൊഴുകി രണ്ടായി പിരിഞ്ഞ് ഒന്ന് പെരിയാറിലും മറ്റൊന്ന് ഏനാമാക്കൽ കായലിലും പതിക്കുന്നു. 1050 ചതുരശ്ര കിലോമീറ്റർ വൃഷ്ടിപ്രദേശവും 48 കിലോമീറ്റർ നീളവുമുള്ള ഈ പുഴ 32 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ജീവജലം പ്രദാനം ചെയ്യുന്നു. കാട്ടൂർ വരെയുള്ള പാടശേഖരങ്ങൾക്ക് ജലത്തിന്റെ ഉറവിടമായ കരുവന്നൂർ പുഴ, അപൂർവ്വങ്ങളായ ഒട്ടനവധി സസ്യജീവജാലങ്ങളുടെ കലവറയും, മത്സ്യ ബന്ധനം വഴി അനേകം പേരുടെ ഉപജീവന മാർഗ്ഗവുമാണ്.

1848-ൽ അന്നത്തെ മലബാർ കളക്ടറായിരുന്ന ഹെൻററി വി.കനോലി, കനോലി കനാലും കൊച്ചി ദിവാനായിരുന്ന ഷൺമുഖം ചെട്ടി, ഷൺമുഖം കനാലും കരുവന്നൂർ പുഴയുമായി ബന്ധിപ്പിച്ചതോടെ ഉൾനാടൻ ജലഗതാഗതം സുഗമമായി.അങ്ങനെയാണ് കരുവന്നൂരിലെ മുസാവരി ബംഗ്ലാവ് , രാജഭരണകാലത്തെ പ്രധാന ഭരണ കേന്ദ്രമായി മാറിയത്.

# കരുവന്നൂർ പാലവും ഇല്ലിക്കൽ റെഗുലേറ്റർ ബ്രിഡ്ജും



1930 കളിൽ ബ്രിട്ടീഷ്ക്കാരുടെ കാലത്ത് പണിക്കഴിപ്പിച്ചതാണ് കരുവന്നൂർ പാലവും ഇല്ലിക്കൽ റെഗുലേറ്റർ ബ്രിഡ്ജും. വലിയപ്പാലം വഴി തൃശ്ശൂർ ചേർപ്പ് ഭാഗത്തേയ്ക്കുള്ള ഗതാഗതം സുഗമമായി. കാറളം, മൂർക്കനാട് ഭാഗത്ത് നിന്ന് എട്ടു മനയിലേക്കുള്ള ഗതാഗത മാർഗ്ഗമായി ഇല്ലിക്കൽ റഗുലേറ്റർ ബ്രിഡ്ജ് രൂപാന്തരപ്പെട്ടു. ഇവ രണ്ടും ബ്രിട്ടീഷ് ഭരണകാലത്തെ പ്രവർത്തന മികവുകളുടെ തെളിവുകളാണ്

കരുവന്നൂർ വലിയപ്പാലം അപകടത്തിലായതിനെ തുടർന്ന് 2000-ൽ പൊതുമരാമത്ത് വകുപ്പ് പുതിയ പാലം പണി തീർത്തു. ഇന്ന് കേരള വാട്ടർ അതോറിറ്റിയുടെ മൂർക്കനാടുള്ള ഇല്ലിക്കൽ പമ്പിങ്ങ് സ്റ്റേഷനിലെ മൂന്ന് പമ്പ് ഹൗസുകളിൽ നിന്നായി 7 പഞ്ചായത്തുകൾക്കാവശ്യമായ വെള്ളം വിതരണം ചെയ്യുന്നു.





## ദേശപ്പെരുമ

മൂർക്കനാട് കാറളം ഭാഗത്ത് ഖനനം ചെയ്തപ്പോൾ നന്നങ്ങാടികൾ തുടങ്ങിയ മഹാശിലാവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. ഈ പ്രദേശത്ത് വസിച്ചിരുന്ന ആദി ദ്രാവിഡ സംസ്ക്കാരപ്പെരുമയാണ് ഇത് സൂചിപ്പിക്കുന്നത്.

## ചെമ്മണ്ടയും കാറളവും

9-ാം നൂറ്റാണ്ടിൽ മഹോദയപുരം ആസ്ഥാനമായി കേരളം ഭരിച്ച പെരുമാൾ ഭരണക്കാലത്ത്, 32 ബ്രാഹ്മണ ഗ്രാമങ്ങളിൽ ഒന്നാണ് ചാമുണ്ട, എന്ന് കേരളോല്പത്തിയിൽ പറയുന്നു. ചാമുണ്ട എന്ന പുരാതന ഗ്രാമത്തിൻെറ പേരാണ് " ചെമ്മണ്ട " യായി രൂപാന്തരം പ്രാപിച്ചതെന്നും ചെമ്മണ്ണു നിറഞ്ഞ പ്രദേശം എന്നതിൽ നിന്നുണ്ടായതാണ് ചെമ്മണ്ടയെന്നും വ്യത്യസ്താഭിപ്രായങ്ങളുണ്ട്.

പുകൾപ്പെറ്റ സുബ്രഹ്മണ്യസങ്കേതമായിരുന്നു ശ്രീ ചെമ്മണ്ട സുബ്രഹ്മണ്യ ക്ഷേത്രം 1000 വർഷം പഴക്കമുള്ള പഴനി ക്ഷേത്രത്തോളം പഴക്കം ഈ ക്ഷേത്രത്തിനുമുണ്ട്.

പുരാതന ഗ്രാമമായ ചാമുണ്ടയുടെ(ചെമ്മണ്ട ) ഭാഗമായിരുന്നു കാറളം .മൂന്ന് ഭാഗവും കോൾപ്പാടങ്ങളാൽ ചുറ്റപ്പെട്ടു കിടന്നിരുന്ന ഈ പ്രദേശത്ത് ധാരാളമായി കണ്ടുവരുന്ന കാറപ്പക്ഷികളുടെ (കൊക്കുകളുടെ ) സാന്നിധ്യമാണ് കാറളം എന്ന പേരിന് ആസ്പദമെന്ന് അനുമാനിക്കപ്പെടുന്നു.

കാറളം കൈനില ശിവക്ഷേത്രത്തിന് 1300 വർഷം പഴക്കവും ശ്രീകുമരഞ്ചിറ ഭഗവതി ക്ഷേത്രത്തിന് 600 ലേറെ വർഷങ്ങളുടെ പഴക്കവുമുണ്ട്. ഭരണി നാളിൽ മൂർക്കനാട് ദേശത്ത് നിന്ന് ഒരു കുതിരപ്പുറത്ത് മഹാദേവൻ വന്ന് കുമരഞ്ചിറ കാക്കുമെന്ന വിശ്വാസത്തിൽ ഒരു കുതിര വരവ് എന്ന ചടങ്ങ് നടത്തി വരുന്നു.

ഇരിങ്ങാലക്കുട, ചെമ്മണ്ട എന്നീ രണ്ട് പുരാതന ബ്രാഹ്മണ ഗ്രാമങ്ങൾക്കിടയിലുള്ള മൂർക്കനാടിൽ പൗരാണിക ധാർമ്മികതയിലൂന്നിയ മത വിശ്വാസങ്ങൾ സംരക്ഷിക്കപ്പെട്ടിരുന്നു. നൂറ്റാണ്ടുകൾക്കപ്പുറം ബുദ്ധ-ജൈനമതങ്ങളുടെ സ്വാധീനം ഈ മേഖലയിൽ ശക്തമായിരുന്നു. നിരവധി പുരാതന ക്ഷേത്രങ്ങൾ നിലനിന്നിരുന്ന പ്രദേശമാണ് മൂർക്കനാടും സമീപ പ്രദേശങ്ങളും.|

## വട്ടേക്കാട്ട് മഹാദേവക്ഷേത്രം

1500 വർഷത്തിലധികം പഴക്കമുള്ളതാണ് വട്ടേക്കാട്ട് മഹാദേവ ക്ഷേത്രം. മഹാദേവൻ കിരാതമൂർത്തിയായും, പടിഞ്ഞാറോട്ട് ദർശനമേകുന്ന മഹാവിഷ്ണു നരസിംഹരൂപത്തിലും, തുല്യ പ്രാധാന്യത്തോടെ ശാസ്താവും ക്ഷേത്രത്തിൽ കുടികൊള്ളുന്നു. പുരാതനകാലം മുതൽ ഉദ്ദിഷ്ട കാര്യസിദ്ധിക്കും നഷ്ടപ്പെട്ട മുതൽ തിരികെ ലഭിക്കുന്നതിനുള്ള നാഴി, പിടി വഴിപാട് എന്നിവ ഈ ക്ഷേത്രത്തിലെ പ്രത്യേകതകളാണ്.

## മൂർക്കനാട് ശ്രീ മംഗള ചണ്ഡിക ദേവി ക്ഷേത്രം

ഇന്ത്യയിൽ തന്നെയുള്ള അപൂർവ്വം ക്ഷേത്രങ്ങളിൽ ഒന്നാണിത്. നൂറ്റാണ്ടുകൾ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ ദേവീമാഹാത്മ്യത്തിലെ മൂന്നാമത്തെ സങ്കല്പമായ സർവ്വ ദുരിത സംഹാരിണിയായ മംഗള ചണ്ഡികയാണ് പ്രധാന പ്രതിഷ്ഠ.

## ശ്രീ മൂർക്കനാട് ശിവക്ഷേത്രം.



പ്രസിദ്ധവും പുരാതനവുമായ മൂർക്കനാട് ശിവക്ഷേത്രം ഈ ദേശത്തെ ഏറ്റവും പ്രധാന ആരാധനാ കേന്ദ്രമാണ്. പണ്ട് രണ്ട് ഇല്ലക്കാരുടെ ക്ഷേത്രമായിരുന്നു. പിന്നീട് കൊച്ചിൻ ദേവസ്വം ബോർഡ് ഏറ്റെടുത്തു. ഒരു ചുറ്റ അമ്പലത്തിൽ ഒരേ മൂർത്തിയുടെ തന്നെ രണ്ട് ശ്രീകോവിൽ പ്രതിഷ്ഠിച്ചിരിക്കുന്നതാണ് പ്രധാന സവിശേഷത. ഒന്ന്

പ്രജാകര മൂർത്തിയായ ശിവനും, മറ്റൊന്ന് ധ്യാന മൂർത്തിയായ ശിവനും. ഉത്സവകാലത്ത് ആനയെ ആലിന് പ്രദക്ഷിണം വയ്പിച്ച് കൊമ്പുകുത്തിയ്ക്കുന്ന ഒരു പ്രത്യേക ആചാരം ക്ഷേത്രത്തിലുണ്ടായിരുന്നു. കരുവന്നൂർ പുഴയിലെ ഉത്സവ ആറാട്ട് സമയത്ത് ദേവനോടൊപ്പം മുങ്ങിയാൽ വിഷവിപത്തുകളിൽ നിന്ന് മോചിതരാകുമെന്നും വിശ്വാസമുണ്ട്.

## ക്രൈസ്തവ പാരമ്പര്യം

AD 928-ൽ പണിക്കഴിപ്പിക്കപ്പെട്ട മാപ്രാണത്തുള്ള കുരിശു മുത്തപ്പന്റെ പള്ളിയാണ് ഈ മേഖലയിലെ ഏറ്റവും പഴക്കമുള്ള പള്ളി. ഇവിടുത്തെ ക്രൈസ്തവർ പുരാതനമായ പഴുവിൽ, മാപ്രാണം എന്നീ പള്ളികളോട് ബന്ധപ്പെട്ടാണ് ആദ്യകാലങ്ങളിൽ പ്രവർത്തിച്ചിരുന്നത് .

## മൂർക്കനാട് സെന്റ് ആന്റണീസ് ദേവാലയം .

ദുവായിലെ വിശുദ്ധ അന്തോണീസിന്റെ നാമധേയത്തിലുള്ള ഈ ദേവാലയം 1838-ലാണ് പണികഴിപ്പിക്കപ്പെട്ടത്. അൾത്താരയ്ക്കു മുകളിലായി ഭിത്തിയിൽ നിർമ്മിക്കപ്പെട്ട രൂപക്കൂട്ടിൽ ഇടവകയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ അന്തോണീസിന്റെയും മറ്റ് വിശുദ്ധരുടെയും സ്വരൂപങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. പുരാതന ദേവാലയത്തിന്റെ 150 ാം വർഷത്തിന്റെ ജൂബിലി വേളയിലാണ് പുതിയ ദേവാലയത്തിന്റെ പുനർനിർമ്മാണം ആരംഭിച്ചത്. 1991 ൽ മനോഹരമായ പുതിയ ദേവാലയത്തിന്റെ പ്രതിഷ്ഠാകർമ്മം ഇരിങ്ങാലക്കുട രൂപതാ ബിഷപ്പായിരുന്ന മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു. ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് പ്രധാന തിരുന്നാൾ.

കാറളം, ചെമ്മണ്ട പള്ളികളാണ് സമീപത്തെ മറ്റ് കൃസ്ത്യൻ ആരാധനാലയങ്ങൾ

## ഇസ്ലാമിക ചരിത്രം

എ ഡി. 629 ൽ മാലിക് ബിൻ ദിനാർ കൊടുങ്ങല്ലൂരിൽ ആദ്യ മുസ്ളീം ദേവാലയമായ ചേരമാൻ പള്ളി നിർമ്മിക്കപ്പെട്ടതോടെയാണ് ഭാരതത്തിലെ ഇസ്ലാമിക മതവിശ്വാസത്തിന്റെയും ആരാധനയുടെയും ചരിത്രം ആരംഭിക്കുന്നത്.

400 വർഷങ്ങൾക്കുമുൻപ് തമിഴ് നാട്ടിലെ തിരുന്നൽവേലി ഏർവാടി, പാളയംകോട് എന്നീ സ്ഥലങ്ങളിൽനിന്നും വ്യാപാര ആവശ്യങ്ങൾക്കായി വന്ന് വാസമുറപ്പിച്ചവരാണ് ഇവിടുത്തെ ആദ്യമുസ്ലീമുകൾ ഈ മേഖലയിൽ കാറളം കരുവന്നൂർ എന്നിടങ്ങളിലാണ് മുസ്ലീം മതവിശ്വാസികൾ കൂടുതലായി ഉള്ളത്. മൂർക്കനാട് മസ്ജിദ് ഇല്ലിക്കൽ ഡാമിന് സമീപം നിലകൊള്ളുന്നു.

## മൂർക്കനാട് ഗ്രാമീണ വായനശാല

ആലുംപറമ്പിനടുത്ത് 1943 മുതൽ ഗ്രാമീണ വായനശാല പ്രവർത്തിച്ചുവരുന്നു. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ഇ - വിജ്ഞാന കേന്ദ്ര പദവി ലഭിച്ചിട്ടുള്ള വായനശാലയാണിത്. 6000 -ത്തിൽ അധികം പുസ്തകങ്ങളുള്ള ഈ വായനശാല സാഹിത്യ - സാംസ്കാരിക - സാമൂഹിക പ്രവർത്തനങ്ങളുടെ കേന്ദ്രസ്ഥാനം കൂടിയാണ്.



# മൂർക്കനാട് സെന്റ് ആന്റണീസ് വിദ്യാലയ സമുച്ചയം



പള്ളികളോടൊപ്പം എഴുത്ത് പള്ളിക്കൂടങ്ങളും വേണം എന്ന ചാവറ കുര്യാക്കോസ് എലിയാസച്ചന്റെ മാർഗ്ഗദർശനം ഉൾകൊണ്ട്, 1924-ൽ ഫാദർ കുര്യാക്കോസ് പുത്തൂരനച്ചന്റെ അശ്രാന്തശ്രമഫലമായിട്ടാണ് സെന്റ ആൻറണീസ് എൽ.പി.സ്കൂളിന് തുടക്കം കുറിക്കുന്നത് .1938-ൽ ലോവർ സെക്കഢറി സ്കൂളിലായി ഉയർത്തപ്പെട്ടു.1946-ൽ വെ.മോൺ.പോൾ ചിറ്റലപ്പിള്ളിയുടെ പരിശ്രമഫലമായി ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തി. 1949-ൽ ആദ്യ SSLC ബാച്ച് പുറത്തിറങ്ങി.

2009 ൽ ഈ വിദ്യാലയം ഹയർസെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു. 2013 ൽ ഈ വിദ്യാലയം മൂന്ന് നിലകളിലായി അത്യാധുനിക സൗകര്യങ്ങളോടെ പൂർണ്ണമായി പുതുക്കി നിർമ്മിച്ചു. കേരളത്തിലെ അറിയപ്പെടുന്ന മനുഷ്യാവകാശ പ്രവർത്തകനും പരിസ്ഥിതി പ്രവർത്തകനുമായ സി. ആർ നീലകണ്ഠൻ, ഇൻകം ടാക്സ് ഡപ്യൂട്ടി കമ്മീഷണറായിരുന്ന എം. കെ. കേശവൻ.... തുടങ്ങി ഒട്ടേറെ മഹത് വ്യക്തികൾക്ക് ജന്മം നൽകിയ ഈ വിദ്യാലയം, മതസൗഹാർദ്ദത്തിന്റെ, അറിവിന്റെ വിളനിലമായി, മൂർക്കനാട് ഗ്രാമത്തിന്റെ തിലകക്കുറിയായി പരിലസിക്കുന്നു.



കഥ

# പ്രഹസനം



അഭിനവ് എം. ആർ. IX B

ഒരു മരത്തിന് കാണാനും കേൾക്കാനും സാധിക്കാം! സാധിക്കാതിരിക്കാം ! അവയ്ക്ക് അതിനുള്ള കഴിവ് ഉണ്ടായിരുന്നെങ്കിൽ...

ഏകദേശം മുപ്പത് വർഷങ്ങൾക്ക് മുമ്പ് ഒരു വലിയ മുത്തശ്ശി മാവുണ്ടായിരുന്നു. ആ ഗ്രാമത്തിൽ പല മാവുകളുണ്ടായിരുന്നെങ്കിലും, ഈ മൂവാണ്ടൻ മാവിനോടായിരുന്നു നാട്ടുകാർക്ക് ഏറെ പ്രിയം. അന്ന് ആ മാവ് നിന്നിരുന്ന സ്ഥലത്തിന്റെ ഉടമ, ആ നാട്ടിൽ ജീവിച്ചിരുന്ന രാമൻപിള്ള എന്ന വ്യക്തിയുടേതായിരുന്നു. അദ്ദേഹത്തിന്റെ മൂന്നു മക്കളിൽ ഏറ്റവും ഇളയവനായ ചന്തുവിന് ഈ മാവിനെ വളരെയധികം ഇഷ്ടമായിരുന്നു.

ചന്തു അമ്മയില്ലാതെ വളർന്ന ഒരു കുട്ടിയാണ്. എന്നാൽ അവന്റെ രണ്ട് ചേച്ചിമാരും അവന് അമ്മയുടെ വാത്സല്യത്തിൽ കുറവൊന്നും വരുത്തി യിരുന്നില്ല. ചന്ദ്രകാന്ത് എന്നാണ് അവന്റെ ശരിയായ പേര്. പക്ഷെ! അവനിഷ്ടം ചന്തുവെന്ന പേരാണ്.

ഒരു തിങ്കളാഴ്ച ചന്തു സ്കൂളിലേയ്ക്ക് നീങ്ങുകയാണ്. ആ ഗ്രാമത്തിലെ ഏക സ്കൂളിലേക്ക് നീങ്ങുകയാണ്. ആ ഗ്രാമത്തിലെ ഏക സ്കൂളിലേക്ക് അവൻ കാലെടുത്തു വെച്ചു. അവൻ ആറാം ക്ലാസ്സിലേക്ക് നീങ്ങുമ്പോൾ അവന്റെ മുഖത്ത് സന്തോഷമായിരുന്നു. അതിന്റെ കാരണം ആർക്കും പിടികിട്ടിയില്ല.

ഉച്ചയ്ക്ക് അവൻ അവന്റെ ചോറ്റുപാത്രം തുറന്ന പ്പോഴാണ് കൂട്ടുകാർക്ക് കാര്യം പിടികിട്ടിയത്. അന്നു് അവൻ അവനേറെ ഇഷ്ടമായ മാമ്പഴ പ്പുളിശ്ശേരിയായിരുന്നു ചേച്ചിയമ്മ അവനായി കൊടുത്തുവിട്ടത്. അവന് കഴിക്കാനായി മാത്ര മായിരുന്നില്ല, അവന്റെ കൂട്ടുകാർക്ക് കൊടു ക്കാൻ കൂടിയായിരുന്നു. നാളെയും മാമ്പഴ പ്പുളിശ്ശേരി ഉണ്ടാക്കി കൊണ്ടു വരാം എന്ന് കൂട്ടുകാർക്ക് ഉറപ്പു നൽകി അവൻ സ്കൂളിൽ നിന്ന് ഇറങ്ങി.

# കഥ

അവൻ വീടിന്റെ അടുത്തെത്തിയപ്പോൾ അവൻ നടുങ്ങി, നെഞ്ച് പിടച്ചു. അവന് ഇതുവരെയുള്ള ജീവിതത്തിൽ ഏറ്റവും സങ്കടം തോന്നിയ നിമിഷം. അവൻ ഏറെ കരുതലോടെ നട്ടുവളർത്തിയ അവന്റെ മാവ് മൂന്ന്നാലുപേർ ചേർന്ന് വെട്ടി മുറിക്കുന്നു. അവന് ആ മരത്തെ മാത്രമല്ല മറ്റ് മരങ്ങളെയും ഏറെ ഇഷ്ടമായിരുന്നു. എന്നാൽ ഇതിനോട് മാത്രം പ്രത്യേക ഇഷ്ടം. അതിനും ഒരു കാരണമുണ്ട്, ചന്തുവിന് ഒന്നാം ക്ലാസ്സിൽ പരിസ്ഥിതി ദിനത്തിന് കിട്ടിയ വൃക്ഷത്തൈ അയിരുന്നു അത് . അവൻ അച്ചനോട് പറഞ്ഞ് നട്ടത്. ഓരോ ഇലയും വളരുന്നത് നോക്കി വളർത്തിയ മാവ്.

ചന്തു അച്ഛനോട് കാര്യം തിരക്കി. റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി റോഡരികിലുള്ള ഈ മരം വെട്ടിമാറ്റണമായിരുന്നു. അവൻ ഒന്നും മിണ്ടാതെ നടന്നു...

മുപ്പത് വർഷത്തിനു ശേഷം, ഇന്ന് ചന്തു ഒരു എഞ്ചിനീയറാണ്. ഏഴ് വയസ്സുള്ള ഒരു മകനുമുണ്ട്. അന്ന് ജൂൺ അഞ്ച്, പരിസ്ഥിതി ദിനം. അവന്റെ മകൻ ഒരു മൂവാണ്ടൻ മാവുമായി ചന്തുവിന്റെ അടുത്തേക്ക് വന്നു. അവന്റെ മകൻ പറഞ്ഞു "അച്ഛാ എനിക്ക് ഇത് നടണം, ഇതിനെ വളർത്തണം, ഇതിനെ ഞാൻ എന്നും നോക്കും... " അവന്റെ മകനിൽ അവൻ കണ്ടത് അവനെ തന്നെയാണ്. " ഇത് നട്ടിട്ട് എന്താണ് കാര്യം മോനേ,

വികസനത്തിന്റെ പേരിൽ ചിലർ ഇവ വെട്ടവനായി കാത്തു നിൽക്കുകയല്ലേ... " " ഈ മരം വെട്ടുന്നതി നെയാണോ വികസനം എന്ന് പറയുന്നത്. " അവന്റെ മകൻ നിഷ്കളങ്കതയോടെ ചോദിച്ചു.

" ഇത് വികസനമല്ലാ മോനേ... ഇത് പ്രഹസനമാണ്. "
ചന്തുവിന്റെ മനസ്സിൽ ചിലരോടുള്ള പക ഉള്ളിൽ കിടന്ന് കത്തുന്നുണ്ടായിരുന്നു......



# കവിത





അമൽ ഇർഷാൻ വി. എ. VIII B

## ദുഃഖം

അറിയാതെയുള്ളിൽ തുളുമ്പുന്ന കോപം

അറിയുന്ന നേരം ദുഃഖവുമായ്

എന്റെ ജീവിത പരാജയമെല്ലാം

ദുഃഖം കൊണ്ടാണെന്ന് ഞാനറിഞ്ഞു

ദുഃഖമില്ലാത്തൊരു ജീവിതമില്ലാ

ദുഃഖമില്ലാത്തൊരു ജീവികളുമില്ലാ

ദുഃഖത്തിനൊട്ടും മരണവുമില്ലാ

ദുഃഖമോ നമ്മളെ ദൂരത്തിലാക്കും

ദുഃഖമാണെങ്കിലും എൻ പ്രിയരേ

ദുഃഖിതരാവല്ലേ ജീവിതത്തിൽ !

ദുഃഖത്തിനപ്പുറം സുഖവുണ്ട്,

ആ പാത തേടി മുന്നേറുക നാം...





# മായാത്ത ഓർമ്മകൾ

## യാത്രാനുഭവം

അലീന പോൾ X B

പത്താം ക്ലാസ് വിദ്യാർത്ഥികളുടെ എക്കാല ത്തെയും ഒരു സ്വപ്നമായ വിനോദ യാത്ര 10/10/2019 വ്യാഴാഴ്ച സഫലമായി.

ഹീര ടീച്ചർ,ശാലിനി ടീച്ചർ,ജോഫി മാഷ്, റിയാസ് മാഷ് എന്നിവരുടെ നേതൃത്വത്തിൽ ഒരു മണിയോടെ അൻപത്തൊന്ന് വിദ്യാർത്ഥികളും നാല് ടീച്ചർമാരും നോൺ ടീച്ചിങ് സ്റ്റാഫായ മിനി ചേച്ചിയുമായി വില്ലൻ ബസ്സിൽ വില്ലാളികളായി പുറപ്പെട്ടു.

ആദ്യ സ്ഥലം മലമ്പുഴയായിരുന്നു. ഏകദേശം 3 മണിയോടെ ഞങ്ങൾ അവിടെയെത്തി. 24 പേർ റോപ് വേയിൽ കയറി, അതിസുന്ദരമായ കാഴ്ചകൾ കണ്ടു. ബാക്കി വിദ്യാർത്ഥികൾ ഡാം നടന്നു കണ്ടു. പിന്നീട് എല്ലാവരും കൂടി മലമ്പുഴയുടെ സായാഹ്ന ഭംഗി ആസ്വദിച്ചു. മഴ പെയ്തതിനാൽ ഒട്ടും ചൂട് അനുഭവപ്പെട്ടില്ല. മലമ്പുഴയുടെ പ്രകൃതിരമണീയമായ കാഴ്ചകൾ ഞങ്ങൾ കണ്ടാസ്വദിച്ചു നടന്നു. ഏഴ് മണിയോടെ ഞങ്ങൾ അവിടെ നിന്ന് ഇറങ്ങി കുറച്ച് നീങ്ങി രാത്രി ഭക്ഷണം. ചപ്പാത്തിയും ചിക്കനും വയറു നിറയെ കഴിച്ചു.

അവിടെ നിന്ന് 7.30 ന് സിനിമ തിയറ്ററിലേക്ക് പുറപ്പെട്ടു. ഞങ്ങളുടെ വിനോദയാത്രയുടെ ആദ്യരാത്രിയിൽ കണ്ട സിനിമ ആദ്യരാത്രിയാണ്. അവിടെ വച്ച് ടീച്ചർമാർ ഞങ്ങൾക്ക് ഐസ്ക്രീം വാങ്ങി തന്നു. 12.00 മണിയോടെ ഞങ്ങൾ തീയറ്ററിൽ നിന്നിറങ്ങി. അതിന് ശേഷം ഊട്ടിയിലേക്ക് പുറപ്പെട്ടു. ബസിൽ ഉറക്കമൊഴിച്ച് ആർത്തുല്ലസിച്ചിട്ടായിരുന്നു യാത്ര. എല്ലാ വർക്കും ആകാംഷ മൂലം ഉറക്കം തന്നെ ഉണ്ടായില്ല. എന്നിരുന്നാലും യാത്രാ-ക്ഷീണം ഉണ്ടായതിനെ തുടർന്ന് 2 മണിയോടെ ഏകദേശം എല്ലാവരും ഉറങ്ങി.

# യാത്രാനുഭവം

അഞ്ച് മണിയോടെ ഞങ്ങൾ ഊട്ടിയിൽ എത്തി.ഊട്ടിയിൽ നല്ല തണുപ്പ് ഉണ്ടായിരുന്നു. സൂര്യ ഹോട്ടലിൽ ആയിരുന്നു ഞങ്ങൾക്ക് റെഡിയാവാനുള്ള മുറികൾ ഒരുക്കിയത്. 7.30 ന് എല്ലാവരും റെഡിയായി ഇറങ്ങി. ഹോട്ടലിന്റെ ചെറിയ ചെറിയ കാഴ്ചകൾ വളരെ ഞങ്ങൾക്ക് കൗതുകം നിറഞ്ഞതായിരുന്നു. നീലഗിരിക്കു ന്നുകളുടെ വന്യമായ സൗന്ദര്യം നുകർന്നു. പ്രായത്തെ മറന്ന് അവിടെ ഉണ്ടായിരുന്ന പാർക്കിൽ ആർത്തുല്ലസിച്ച് കളിച്ചു. ഞങ്ങൾക്ക് സമീപത്തോടെ മൂന്ന് കാട്ട് പോത്തുകൾ വഴിയിലൂടെ പതുക്കെ പതുക്കെ യാതൊരു അസ്വാസ്ഥ്യവും ഉണ്ടാക്കാതെ കുന്ന് കയറി പോകുന്ന കാഴ്ച ഞങ്ങളെ വിസ്മയിപ്പിച്ചു. 9.00 മണിയോടെ ഞങ്ങൾ പ്രഭാത ഭക്ഷണം കഴിച്ചു.

ഊട്ടിയിൽ എത്തിയ ഞങ്ങൾ ആദ്യം പോയത് 'ക്വീൻ ഓഫ് ഹിൽ സ്റ്റേഷൻ' എന്നറിയപ്പെടുന്ന കർണാടക ഹോർട്ടികൾച്ചർ ഗാർഡനി ലേക്കായിരുന്നു.വിവിധയിനം പൂക്കളാൽ സമ്പ ന്നമായിരുന്നു ആ ഗാർഡൻ. ഊട്ടിയുടെ തണുപ്പിലും നിറപുഞ്ചിരിയോടെ നിൽക്കുന്ന പൂക്കളെ ഞങ്ങൾ വീക്ഷിച്ചു. അതിനിടയിലാണ് കുതിര സവാരി ഞങ്ങൾ കാണാൻ ഇടയായത്. 6 വിദ്യാർത്ഥികൾ കുതിര സവാരി ചെയ്തു. അമ്മു എന്നായിരുന്നു ഞങ്ങൾ കയറിയ കുതിരയുടെ പേര്.അങ്ങനെ ഒരു പാട് നേരം നടന്നു ഞങ്ങൾ ആ ഗാർഡൻ കണ്ടു. മതിയാവോളം ഫോട്ടോകൾ എടുത്തു. ഒപ്പം ഞങ്ങളുടെ ഗ്രൂപ്പ് ഫോട്ടോയും.

12.00 മണിയോടെ അവിടെ നിന്ന് ബോട്ട് ഹൗസിലേക്ക് പുറപ്പെട്ടു. 12.30ന് ഞങ്ങൾ അവിടെ എത്തി. 5 ബോട്ടുകളിലായാണ് ഞങ്ങൾ കയറിയത്.തീർത്തും ഒരു മത്സരം തന്നെയായിരുന്നു അവിടെ നടന്നത്. അവിടെ തന്നെ അര മണിക്കൂർ വിദ്യാർത്ഥികളും അധ്യാപകരും ചോക്ലേറ്റ് വാങ്ങിക്കാൻ നിന്നു. വിലപേശലുകൾ ഒരുപാട് നടന്നു. ചിലതൊക്കെ ഏറ്റു.

1.00 മണിയോടെ ഞങ്ങൾ അവിടെ നിന്ന് തിരികെ ഭക്ഷണം കഴിക്കുന്നതിനായി ഹോട്ടലിലേക്ക് പുറപ്പെട്ടു.നല്ല രുചിയുള്ള സദ്യയും പായസവും ഉണ്ടായിരുന്നു. ഭക്ഷണം കഴിച്ചതിനു ശേഷം ഞങ്ങൾ ചിത്രങ്ങൾ എടുത്തു. കുറെ പേർ ബസ്സിൻമേൽ കയറി ഫോട്ടോ എടുത്തു. 2.00 മണിയോടെ ഞങ്ങൾ അവിടെ നിന്ന് ടീ ഫാക്ടറിയിലേക്ക് പോയി. തേയില ഫ്രഷ് ആയി പൊടിച്ച് തത്സമയം ചായില ഉണ്ടാക്കുന്നത് ഞങ്ങൾ കണ്ടു. വിദ്യാർത്ഥികളും അധ്യാപകരും അവിടെ ഉണ്ടാക്കിയ ചായിലകൾ വാങ്ങുക യുണ്ടായി.അവിടെ തന്നെ ഉണ്ടായിരുന്ന ചോക്ലേറ്റ് ഫാക്ടറിയും ഞങ്ങൾ സന്ദർശിച്ചു.

5.00 മണിയോടെ ഞങ്ങൾ ബൊട്ടാണിക്കൽ ഗാർഡനിലെത്തി. അവിടെ കയറിയാൽ പിന്നെ എവിടേക്ക് പോകണമെന്ന് സംശയം തോന്നിപോകും അതിനുമാത്രം പൂക്കളും ചെടികളും കൊണ്ട് അത് നിറഞ്ഞിരിക്കുക യായിരുന്നു. അവിടെ ഞങ്ങൾ കണ്ണുപൊത്തി കളിക്കുകയും ജോഫി മാഷുമായി പഞ്ച് പിടിച്ചു മത്സരിച്ചു. ഒരുപാട് വീരശൂരപരാക്രമികൾ മത്സരിച്ചെങ്കിലും ജോഫി മാഷിനെ ആർക്കും തോൽപിക്കാനായില്ല. ഒരുപാട് ചിരിച്ചും കളിച്ചും ഒടുവിൽ 6.30തോടെ അവിടെ നിന്ന് ഇറങ്ങി.

പിന്നീട് ഞങ്ങൾക്ക് ഷോപ്പിങ്ങ് ആയിരുന്നു. 7.30 ന് ഞങ്ങൾ ക്യാമ്പ് ഫയറിനായി തിരികെ ഹോട്ടലിൽ എത്തിച്ചേർന്നു. ക്യാമ്പ് ഫയർ അടിച്ചു പൊളിച്ചു തകർത്തു. എല്ലാവരും സ്വയം മറന്ന് ആർത്തുല്ലസിച്ചു. ക്യാമ്പ്ഫയറിലെ തീ കത്തിയെരിഞ്ഞ് തീരുന്നതോടൊപ്പം ഞങ്ങളുടെ വിനോദ യാത്രയുടെ ദൈർഘ്യവും കുറയുന്നു ണ്ടായിരുന്നു.

# യാത്രാനുഭവം









8.30 ന് ക്യാമ്പ് ഫയർ അവസാനിച്ചു. നല്ല രുചിയുള്ള പൊറോട്ടയും ചിക്കനും ആയിരുന്നു രാത്രി ഭക്ഷണം. ഞങ്ങൾ എല്ലാവരും വയറ് നിറയെ കഴിച്ചു.ബസിൽ കയറി 10.00 മണി ആയപ്പോൾ ബസ് എടുത്തു. കുറച്ച് പേർക്ക് ശാരീരിക അസ്വസ്ഥതകൾ അനുഭവ പ്പെട്ടെങ്കിലും പിന്നീട് എല്ലാം ശരിയായി. എല്ലാ വരും മയങ്ങി.


ഉറക്കത്തിനിടെ കണ്ണ് തുറന്ന് നോക്കിയപ്പോൾ ഇനി അധികം സമയം ഇല്ല ഈ വിനോദയാത്ര തീരാൻ എന്ന് മനസ്സിലായത്. ക്ഷീണം ഒന്നും വക വെക്കാതെ ഞങ്ങൾ ഡാൻസ് കളിച്ച് അടിച്ച് പൊളിച്ചു. അഞ്ച് മണിക്ക് ഞങ്ങൾ വിദ്യാല യത്തിൽ എത്തി.

ജിവിതത്തിൽ ഇനി ഒരിക്കലും തിരികെ കിട്ടാത്ത നല്ല നിമിഷങ്ങളായിരുന്നു വിനോദയാത്രയിലെ ഓരോ നിമിഷങ്ങളും.എല്ലാം അനുസരിച്ചു നന്നായി പെരുമാറിയും കുഴപ്പമൊന്നും ഉണ്ടാ ക്കാതെ ഞങ്ങൾക്ക് ഞങ്ങളുടെ അധ്യപകരെ സന്തോഷിപ്പിക്കാൻ സാധിച്ചു.

ഞങ്ങളുടെ ഒപ്പം ഉണ്ടായിരുന്ന ഹീര ടീച്ചർക്കും ശാലിനി ടീച്ചർക്കും ജോഫി മാഷിനും റിയാസ് മാഷിനും മിനിചേച്ചിക്കും ഒരായിരം നന്ദി പറയുന്നു.അതു പോലെ നിങ്ങളോരോരുത്തരുടെയും പ്രാർത്ഥന കൊണ്ടാണ് സർവശക്തനായ ദൈവം ഞങ്ങള സംരക്ഷിച്ചത്. അതിന് ഞങ്ങൾ നിങ്ങളെ ഒരോരുത്തരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

Poem

Heera Francis Alappat



# Wonderful Rainbow

I couldn't believe my eyes
When I saw a rainbow
Which was so close to me?
For hours I was in a dream world
Red, orange, yellow, green and blue...
How many different colours?
Oh!seven different colours
What a wonderful sight it was!

# the Facts of Life

This is story about four People. named,

*EVERYBODY, SOMEBODY, ANYBODY* and *NOBODY.*

There was an important job to be done;

*EVERYBODY* was sure that *SOMEBODY* would do it.

but *NOBODY* did it.

*SOMEBODY* got angry about that

because it was *EVERYBODY*'s job.

*EVERYBODY* Thought that

*ANYBODY* could do it.

But *NOBODY* realised that

*EVERYBODY* wouldn't do it.

It ended up that

*EVERYBODY* blamed *SOMEBODY*

When *NOBODY* did

what *ANYBODY* Could have done.



# Tongue Twisters

A boat with goat Sank in a moat.

*A pock cock is on a clock.*

A lubber eats blidder with a mixture of rubber.

*When ten men saw a pen near a den a hen with a wen started chaising a wren.*

Stop chop shops selling chopped shop chops.

*A block's back brake-block brake.*

The Twise to Three tree Twings.

*A robot rowely rolled a round roll round.*

She sells sea shells on the sea shore.

*When a hag woke she saw a hog bear a log where a dog was barking .*

A snuffer of snuff is enough snuff snuffer.

*A twister of twists once Twisted a twist and the twist he twisted was a thrice - twisted twist. But in the twisting the Twist did untwist and the Untwisted Twist untwisted the twister.*

# Art Gallery





Malavika.P.B
IX.B





FATHIMATHU SANA.P.A
VII:B





"വായിച്ചാൽ വളരും
വായിച്ചില്ലേലും വളരും"










Abhoydas p.h
IX:B

# അമ്മ.....
# ഒരോർമ്മ.....





സനയ കെ. എസ്, 7B

പത്ത് മാസം ചുമന്ന്
നൊന്ത് പ്രസവിച്ചൊരമ്മ,
അമ്മിഞ്ഞപാലൂട്ടി പുഞ്ചിരി തൂകി
നിറതിങ്കളായൊരമ്മ,
അമ്മ തൻ താരാട്ടുപാട്ടിൻ
മാധുര്യം നുകരാൻ കൊതിച്ചിടുന്നു.
അമ്പലമുറ്റത്ത് അമ്മ തൻ
അരികിൽ കൈകൂപ്പിനിന്നൊരു -
പൈതലോ ഞാൻ!
അങ്ങിനെയിങ്ങനെ ഓർമ്മകൾ തന്നിട്ട്,
വരിപ്പുണർന്നോരമ്മ അകലുന്നുവോ?
അമ്മ തൻ സ്നേഹവും
അച്ഛന്റെ വാത്സല്യവും
കിട്ടിയതൊക്കെയും മൃദു ഓർമ്മയായ്..

ആരോ വെളുപ്പിന് വെച്ചു നീട്ടി,
ഒരു നൂലിൽ കൊരുത്ത
ചെറു പൂത്താലിയാൽ ഊറി കൂടി
പിറ്റേന്നാൾ മുതൽ വേറെ വീട്ടിൽ!
ഞാനും അമ്മയെപ്പോൽ ഒതുങ്ങിടുമ്പോൾ,
ഞാനുമൊരമ്മയായ് മാറിടുന്നു..
ഇന്നീയുമ്മറ മുറ്റത്തിരിക്കേ
അമ്മയെ കാണവാനജ്ഞാത മോഹം.

അമ്മയെ കാണുവാൻ ഓടിയെത്തി,
അമ്മയോ! പോയി മറഞ്ഞിരുന്നു..
കണ്ണീരാൽ മുഖമുയർത്തിയപ്പോൾ
വാർമഴവില്ലാൽ വാനിൽ,
അമ്മ പുഞ്ചിരി തൂകിടുന്നു....





# ഉമ്മ



അബ്ദുൾ ജലാൽ ടി. എസ്, X A

മുറിയുന്ന നോവിലും കരയാതിരിക്കുന്ന
കരടാണുകണ്ണിൽ എന്നു മൊഴിയുന്ന
പരിശുദ്ധ സ്നേഹത്താൽ നിറയുന്ന
അർത്ഥസമാനമാണെന്റെയുമ്മ.

കരയിച്ചു വിടച്ചൊല്ലി പോയവരെല്ലാം
കരയിക്കും ഓർമ്മതൻ താളുകളെല്ലാം
അറിഞ്ഞിടും നോവുകൾ കരഞ്ഞിടും കണ്ണുകൾ
സ്വന്തമായ് തീർന്നവളാണെന്റെയുമ്മ.



എത്രയോ ജന്മങ്ങൾ വിടച്ചൊല്ലാതകന്നിടും
അത്രയും വേദന ഉള്ളിലൊതുക്കീട്ടും
നോവിന്റെ നൊമ്പരം നോക്കാതിരുന്നിട്ടും
കണ്ണുകൾ നിളപോലെയായവളന്നൊന്റെയുമ്മ.

ഓർമ്മകൾ മിന്നുന്ന ഉമ്മകളെല്ലാം
എൻ കവിളത്ത് ചാർത്തിയവളണെന്റെയുമ്മ
നോവിൽ ഒരു സാന്ത്വനമായന്റെയുമ്മയിൽ
നിറയുന്നു ദീപതിയാൽ സ്നേഹദീപങ്ങൾ.

പരതുന്ന നിനവുകൾ എരിയുന്ന കനവുകൾ
നനയുന്ന കൺതടം ചമയുന്ന മാറ്റമായ്
നിലകൊള്ളുമെന്നുമ്മ കരയുന്ന കരളുമായ്
എന്നും തിരയുന്ന സാന്ത്വന ഗീതമായ്.

എന്നും ഒരു താരമായ് ചാരത്ത് നിന്നവൾ
പെറ്റിട്ടു എന്നെ ഈ ഭൂലോകമദ്ധ്യത്തിൽ
അറിയാത്തതെല്ലാം അറിയിച്ചുവെന്നുള്ളിൽ
അണിയിച്ചു നന്മതൻ മുത്തിനാൽ മാലകൾ.

# ഗണിത കൗതുകം

1. 500 രൂപയുടെ ഒരു നോട്ട് മാറി ചില്ലറ നോട്ടുകളാക്കണം. 50 രൂപ, 20 രൂപ, 5 രൂപ നോട്ടുകളായി ആകെ 20 നോട്ടുകൾ വേണം. ഇതെങ്ങനെ സാധിക്കും?

2. ഒരു ക്ലോക്ക് നിലത്തു വീണ് പൊട്ടിയപ്പോൾ അർദ്ധവൃത്താകൃതിയിൽ രണ്ടു കഷ്ണങ്ങളായി. ഓരോ ഭാഗത്ത് വരുന്ന സംഖ്യകൾ കൂട്ടി നോക്കിയപ്പോൾ തുല്യം.എന്നാൽ ക്ലോക്ക് പൊട്ടിയതെങ്ങനെ?

3. 9 തീപ്പെട്ടികൊള്ളി ഉണ്ട്. ഇത് 10 ആക്കണം. വേറെ തീപ്പെട്ടി കൊള്ളികൾ ചേർക്കാനോ, തന്നിരിക്കുന്നത് ഒടിക്കാനോ പാടില്ല . എങ്ങനെ?

4. ഒരു സമചതുരത്തിനെ നാല് നേർവരകൾ കൊണ്ട് 11 കഷ്ണങ്ങളായി ഭാഗിക്കുവാൻ കഴിയും. എങ്ങനെ ?

5. 6 സിഗററ്റുകൾ കൊണ്ട് നാല് ത്രികോണങ്ങൾ ഉണ്ടാക്കണം. എങ്ങനെ?

6. [x - a] [x -b] [x - c]............. . [x - z] എന്നതിൽ 26 ഘടകങ്ങളുണ്ട്.ഇതിന്റെ ഗുണനഫലം കാണുക?

7. 6 സിഗററ്റുകൾ ഉണ്ട്.ഇത് ശൂന്യമാക്കണം. സിഗററ്റ് കത്തിച്ച് വലിക്കാനോ നശിപ്പിക്കാനോ പാടില്ല എങ്ങനെ?

8. തുടർച്ചയായ 11 പൂർണ്ണ സംഖ്യകളുടെ തുക 11 കിട്ടുന്നു.എന്നാൽ സംഖ്യംൾ ഏവ?

9. ഏറ്റവും കൂടുതൽ നീളമുള്ള റോമൻ ന്യൂമറൽ ഏത്? അത് ഏത് സംഖ്യയെ സൂചിപ്പിക്കുന്നു?

10. 83 X 83 X 83........ എന്നിങ്ങനെ 83 തുടർച്ചയായി 29 പ്രാവശ്യം വരുന്നു. ഉത്തരത്തിന്റെ ഒറ്റയുടെ സ്ഥാനത്തെ അക്കം ഏതായിരിക്കും?

---

10. 3

9. MDCCCLXXXVIII .ഇതിൽ 13 അക്ഷരങ്ങളുണ്ട് .ഇത് 1888 നെ സൂചിപ്പിക്കുന്നു.

8. - 4, - 3,- 2, ............. + 4, + 5, + 6,

7. 6 സിഗററ്റുകൾ കൊണ്ട് NIL എന്നെഴുതണം. അപ്പോൾ ശൂന്യമായില്ലേ.

6. ഗുണനഫലം പൂജ്യം .കാരണം 24-ാം മത്തെ ഘടകം [x - x ] ആണ്. പൂജ്യം കൊണ്ട് ഗുണിച്ചാൽ ഉത്തരം പൂജ്യം.

5. സിഗററ്റുകൾ ത്രികോണ സ്തൂപികയുടെ ആകൃതിയിൽ വയ്ക്കുക.

4. എല്ലാ വരകളും വ്യത്യസ്തങ്ങളായ ബിന്ദുക്കളിൽ സംഗമിക്കത്തക്ക രീതിയിൽ 2 വികർണ്ണങ്ങളും ഒരു തിരശ്ചീന രേഖയും ഒരു ലംബരേഖയും വരച്ചാൽ മതി.

3. 9 തീപ്പെട്ടി കൊള്ളികൾ കൊണ്ട് TEN എന്നെഴുതണം.

2. ഒരു ഭാഗത്ത് വരുന്ന സംഖ്യകൾ 4,5,6,7,8,9. മറുഭാഗത്ത് വരുന്ന സംഖ്യകൾ 10, 11, 12 ,1, 2, 3.

1. പറഞ്ഞിരിക്കുന്നതു പോലെ നോട്ടുകൾ മാറ്റിയെടുക്കുവാൻ കഴിയുകയില്ല.




# മഴക്കാലം

നിയ എ. ആർ, VI B

ഒരു മഴക്കാലമായിരുന്നു അത്. ഇടിമിന്നലും മഴയും തുടർന്നു കൊണ്ടിരിക്കുകയാണ്.ഒരു ദിവസം രാത്രി മഴയും ഇടിമിന്നലും കാരണം, ഇതു വരെയില്ലാത്ത ഒരു കരന്റ് കട്ട്. ഇതു വരെയില്ലാത്ത ഒരു വല്ലാത്ത ഇരുട്ട്. അമ്മ മെഴുകുതിരി കത്തിച്ചു. പെട്ടെന്നില്ലാത്ത ഒരു മുട്ട് . ടിക്ക് ....ടിക്ക് .....

മീനു വല്ലാതെ പേടിച്ചു. എന്റെ അച്ഛൻ മരിച്ചിട്ട് പതിനെട്ടാം തിയതിക്ക് നാലാം വർഷം ആവുന്നു. അച്ഛൻ മരിക്കുന്ന സമയത്ത് മീനൂന് രണ്ട് വയസ് മാത്രമായിരുന്നു ഇപ്പോൾ ആറ് വയസ്. അന്ന് അച്ഛൻ മരിച്ചുവെന്ന് മീനൂവിന് അറിയില്ലായിരുന്നു.

പിന്നെ സ്കൂളിൽ പോയി തുടങ്ങിയപ്പോൾ കൂട്ടുകാർ ചോദിച്ചു " നിന്റെ അച്ഛന്റെ പേരെന്താ?". "ജോലി എവിടെയാ? " മീനൂന് അവരുടെ മുമ്പിൽ ഒന്നും പറയാൻ കഴിഞ്ഞില്ല. അവളെ അവർ കളിയാക്കി.മീനു വീട്ടിലെത്തി അമ്മയോട് ചോദിച്ചു "എവിടെയാ നമ്മുടെ അച്ഛൻ " അമ്മ കരഞ്ഞുകൊണ്ട് പറഞ്ഞു " അച്ഛൻ മരിച്ചു പോയി മോളെ " "എങ്ങനെ ?"

ഒരു മഴക്കാലത്ത് നല്ല ഇരുട്ട് ഉണ്ടായിരുന്നു. കടയിൽ പോയി തിരിച്ചു വരുമ്പോൾ ആരോ അച്ഛനെ വെട്ടിയിട്ടു. ശക്തിയേറിയ മഴയിൽ ചോരപുരണ്ട് കിടക്കുന്ന നിന്റെ അച്ഛനെ ആരും തിരിഞ്ഞു നോക്കിയില്ല. അങ്ങനെയാണ് അച്ഛൻ മരിച്ചത്. മീനൂന് അത് കേട്ടപ്പോൾ കരഞ്ഞുപോയി.അതിന് ശേഷം ഞാൻ മരിച്ച് കിടക്കുന്ന നിന്റെ അച്ഛനെ യാണ് കണ്ടത്.

എനിക്ക് വിഷമമായി. പിന്നെ എനിക്ക് ഒരു മഴക്കാലം എന്ന് കേൾക്കുമ്പോൾ പേടിയാണ്. ഒറ്റക്ക് എന്റെ അമ്മയെ ഒരിടത്തേക്കും വിടില്ല. മഴക്കാലത്ത് ഇരുട്ടുള്ള രാത്രി വന്നാൽ ഞാൻ എന്റെ അച്ഛനെ ഓർത്തു പോകും. ഒരു മഴക്കാലം, ഇരുട്ടുള്ള രാത്രി, വാതിലിൽ ഒരു മുട്ട്, അമ്മേ......
സ്വപ്നമാണോ എന്നറിയില്ല. എന്തൊക്കെയോ നടക്കാൻ പോകുന്നു എന്നൊരു തോന്നൽ. ഇതു പോലെ ഒരു സംഭവം, മഴക്കാലം, രാത്രി.
ഇനി എന്റെ ജീവിതത്തിൽ വേണ്ട ദൈവമേ.....
ദൈവമേ.....
എന്നാലും അച്ഛൻ മരിച്ചിട്ടില്ല. ഓരോ സംഭവം കേൾക്കുമ്പോൾ തന്നെ പേടിയാണ്.
ഒരു മഴക്കാലം വേണ്ട.....
വേണ്ട .. .....
നാളെ എന്റെ പിറന്നാളാണ്. അതോടൊപ്പം അച്ഛന്റെ മരണ ദിനവും. ഇതു പോലൊരു രാത്രി വന്നാൽ, ഞാൻ അറിയാതെ ഓർത്തു പോകും.

എനിക്ക് മഴ ഇഷ്ടമല്ല.....
എനിക്ക് മഴയെ ദേഷ്യമാണ്......
പക്ഷെ പറയും ഇതിനു കാരണം മഴയല്ല.

ഒരോരുത്തർക്കും തല വിധിയുണ്ട്. എന്റെ അച്ഛന്റെ തല വിധി അങ്ങനെ ആയിരിക്കും
മഴക്കാലം ..... മഴക്കാലം....

# സുവർണ്ണ നിമിഷങ്ങളിലൂടെ......





പ്രവേശനോത്സവം............................





വായനാദിനം............................

# സുവർണ്ണ നിമിഷങ്ങളിലൂടെ......



## പരിസ്ഥിതിദിനം.......................................









## ലഹരിവിരുദ്ധദിനം..........

# സുവർണ്ണ നിമിഷങ്ങളിലൂടെ......



സ്വാതന്ത്ര്യദിനം.....................









ഓണാഘോഷം.........................

# സുവർണ്ണ നിമിഷങ്ങളിലൂടെ......













വിദ്യാർത്ഥികളുടെ കൃഷി..........................

# സുവർണ്ണ നിമിഷങ്ങളിലൂടെ......









വിദ്യാർത്ഥികളുടെ കൃഷി...............................



ദിനപത്രം ഉദ്ഘാടനം

# സുവർണ്ണ നിമിഷങ്ങളിലൂടെ......



പെൺകുട്ടികൾക്ക്..................





മാതാപിതാക്കൾക്ക്......................



ഫയർ ആന്റ് സേഫ്റ്റി.....................



അമ്മമാർക്ക് ഐ. ടി. ക്ലാസ്സ്.......................

## ബോധവത്ക്കരണ ക്ലാസ്സുകൾ...............

# സുവർണ്ണ നിമിഷങ്ങളിലൂടെ......



ഈദ് ആഘോഷം മൈലാഞ്ചിയിടൽ..............................



യോഗ ദിനം..............................

# സുവർണ്ണ നിമിഷങ്ങളിലൂടെ......







സ്പോർട്സ് ദിനം......................

# സുവർണ്ണ നിമിഷങ്ങളിലൂടെ......










പഠന വിനോദയാത്ര....................

# സുവർണ്ണ നിമിഷങ്ങളിലൂടെ......



കലാമത്സരങ്ങൾ...............................




സമ്മാനദാനം.......................

# സുവർണ്ണ നിമിഷങ്ങളിലൂടെ......





ലിറ്റിൽ കൈറ്റ്സ്..................

# യാത്രാമൊഴി.......

കാലങ്ങൾ കാലങ്ങളാൽ മായ്ക്കപ്പെടുമ്പോൾ
ഓർമകൾ ഓർമകളാൽ എഴുതപ്പെടുമ്പോൾ
വന്നണയാതിരിക്കില്ലെനിക്കുവേണ്ടി
മധുരിക്കും കിനാക്കൾതൻ കൗമാരകാലം.

ഞാൻ പടിയിറങ്ങുമെൻ വിദ്യാലയത്തിൻ
പാവനസ്മൃതികളാണെനിക്ക് സ്വർഗ്ഗം.
വാക്ക് തന്നോരെൻ അദ്ധ്യാപകർ തൻ
അറിവിൻന്നമൃതമാണെനിക്ക് മധുരം.
മുന കുത്തി നിൽക്കുന്ന വിദ്യ തന്നനുഗ്രഹ-
മാത്രമാണിന്നെന്റെ സൗരയുഥം.

ഇതളുകൾ ചൊരിയുന്ന കൂട്ടുകാർതൻ
ഹൃദയങ്ങളാണെൻ വിജയമന്ത്രം.
അരികത്തിരിക്കുന്ന അരിമുല്ലപ്പൂവിന്റെ
നറുമണമാണെൻ ജീവമന്ത്രം.
മനസ്സിൽ വിരിഞ്ഞൊരു മന്ദാരപ്പൂവിൻ
മൗനമാണിന്നെൻ മോഹോത്സവം.
പാട്ടുകൾ പാടുന്ന കുഞ്ഞാറ്റക്കുയിലിൻ
ചിറകടിയാണെൻ ഹൃദയസ്പർശം.

മനസ്സിലെ വിദ്യാലയോർമ്മകളിൽ നിന്ന്,
കഴിയില്ല പടികളിറങ്ങീടുവാൻ
കാലങ്ങൾ വാർധക്യം കാണിച്ചു തന്നാലും
കണ്ണിലിരുട്ട് കയറുന്ന നാളിലും
വെളിച്ചമായ് നിൽക്കുമെൻ വിദ്യാലയം
പ്രണയിക്കും ഞാനെൻ മൂകമാം ഓർമ്മകൾ,
കാലങ്ങൾ എന്നെ വിലക്കിയാലും!

